LIBRARY ARCHIVES Kerala Legislative Assembly

തോട്ടപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ

183 (6332) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറക്കാട് ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളി കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) അമ്പലപ്പുഴയ്ക്കും ഹരിപ്പാടിനുമിടയിൽ ക്രമസമാധാന പരിപാലനം ശക്തമാക്കാൻ തോട്ടപ്പള്ളി കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല. ഒരു പുതിയ എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതുസംബന്ധിച്ചുള്ള നടപടികൾ ആരംഭിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കാൻ കാണിക്കുന്ന വിമുഖത

184 (6333) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ അപകടങ്ങളിൽപ്പെട്ട് പരിക്കേറ്റ് റോഡുകളിൽ കിടക്കുന്നവരെ യഥാസമയം ആശുപത്രിയിൽ എത്തിക്കാൻ പൊതുജനങ്ങളും ചില സ്ഥലങ്ങളിൽ പോലീസും വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം സംഭവങ്ങളിൽ ഇടപെടുന്ന പൊതുജനങ്ങൾക്ക് പ്രോത്സാഹനവും നിയമകുരുക്കുകളിൽ നിന്ന് സംരക്ഷണവും പാരിതോഷികങ്ങളും നൽകുവാൻ വകുപ്പ് എന്തുനടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) അപകടം അറിഞ്ഞശേഷം യഥാസമയം പോലീസ് സേവനം ലഭ്യമാകാത്തത് സംബന്ധിച്ച് എത്ര പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു ; അവർ ആരെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) അപകടം അറിഞ്ഞശേഷം യഥാസമയം സേവനം ലഭ്യമാക്കാത്ത പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്തി മാതൃകാപരമായ ശിക്ഷ നൽകുവാൻ ഈ സർക്കാർ പുതിയതായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുജനങ്ങളുടെ ഭാഗത്തുനിന്നുള്ള വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം കേസ്സുകളിൽ സഹായിക്കുന്ന പൊതുജനങ്ങൾക്ക് പ്രോൽസാഹനം എന്ന നിലയിൽ ധനസഹായം നൽകി വരുന്നുണ്ട്. റോഡപകടങ്ങളിൽ പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവരെ കേസിൽ സാക്ഷി ആക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി 25-1-2009-ലെ, 6/09 നമ്പർ സർക്കുലർ പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) പോലീസ് സേവനം ലഭ്യമാകാത്തത് സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ്

185 (6334) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഇതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ പഞ്ചായത്തിൽ സ്ഥാപിക്കുന്ന പോലീസ് കമാൻഡോ കേന്ദ്രത്തിന്റെ പ്രവർത്തനം നടപ്പ് സാമ്പത്തികവർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ; ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്ന വിഷയം പരിഗണിച്ചുവരുന്നു.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പോലീസിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സേനാംഗങ്ങൾക്ക് നക്സൽ/മാവോയിസ്റ്റ്/ഭീകര വിരുദ്ധ പരിശീലനം നൽകുന്നതിനായിട്ടാണ് കമാൻഡോ ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുന്നത്. ആലപ്പുഴ ജില്ലയിലെ പാലമേൽ പഞ്ചായത്തിലെ മറ്റപ്പള്ളി എന്ന സ്ഥലത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8.69 ഏക്കർ സ്ഥലത്താണ് പ്രസ്തുത പോലീസ് കമാൻഡോ ട്രെയിനിംഗ് സ്കൂൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly